ഭരണഭാഷ – മാതൃഭാഷ

കേരള സർക്കാർ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്

സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ

തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526

വെബ്സൈറ്റ്: lsgd.kerala.gov.in

ഇ-മെയിൽ: pd.lsgd@kerala.gov.in

No -LSGD/2037/2026-EW3 തീയതി: 26-05-2026

## സർക്കുലർ

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -സ്കൂൾ ഫിറ്റ്നസ് സർട്ടിഫിക്കേഷൻ – സ്കൂൾ തുറക്കൽ 2026-27 – സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നത്- സംബന്ധിച്ച്

സൂചന:
1. ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ **09.11.2025** ലെ **M3/347/2019-HEALTH** നമ്പർ സർക്കുലർ.
2. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ **13.05.2026** ലെ **GEDN-M1/188/2025-G.EDN** നമ്പർ സർക്കുലർ.
3. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ **25.05.2026** ലെ **GEDN-M1/188/2025-G.EDN** നമ്പർ കത്ത്

മേൽ സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 2026-27 അധ്യയന വർഷത്തേക്കുള്ള സ്കൂൾ ഫിറ്റ്നസ് പരിശോധനയുമായി ബന്ധപ്പെട്ട് സൂചന (2) സർക്കുലറിൽ ഉൾപ്പെടുത്തി പുതുക്കിയ നിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കുലറിന് അനുബന്ധമായി ഉൾപ്പെടുത്തിയിരുന്ന - Annexure A. യിലെ നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് വേണം Annexure B യിൽ ഉൾപ്പെട്ട പെർഫോമയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എൻജിനീയർമാർ സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് എന്നുള്ള നിർദ്ദേശം പ്രസ്തുത സർക്കുലറിൽ ഉൾപ്പെട്ടിരുന്നു. എന്നാൽ മേൽ പരാമർശ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം സ്കൂൾ ഫിറ്റ്നസ് നൽകുന്ന വേളയിൽ ഇലക്ട്രിക്കൽ ഇൻസ്റ്റലേഷനുകളുടെയും വയറിംഗ് സംവിധാനങ്ങളുടെയും സുരക്ഷ സാക്ഷ്യപ്പെടുത്തുന്നതിന് ആവശ്യമായ സാങ്കേതിക പ്രാവീണ്യം തങ്ങൾക്ക് ഇല്ല എന്നുള്ള ആശങ്ക സംസ്ഥാനത്തെ വിവിധ തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് എൻജിനീയർമാർ അറിയിച്ചിട്ടുണ്ടായിരുന്നു.

25.05.2026 ന് ബഹു. പൊതു വിദ്യാഭ്യാസ മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സൂചന (2) സർക്കുലറിലെ Annexure-A യിലെ ചെക്ക് ലിസ്റ്റിനെ സംബന്ധിച്ച് സർക്കാർ വിശദീകരണം നൽകിയിട്ടുള്ളത് പ്രകാരം ഇലക്ട്രിക്കൽ വയറിംഗിന്റെ സുരക്ഷയും ഫയർ എക്സ്റ്റിംഗ്വിഷറുകളുടെ പ്രവർത്തനക്ഷമതയും സാങ്കേതികമായി സാക്ഷ്യപ്പെടുത്തേണ്ടത് LSGD

അസിസ്റ്റന്റ് എൻജിനീയർമാരുടെ ഉത്തരവാദിത്വമല്ലെന്ന് സർക്കാർ തദവസരത്തിൽ വ്യക്തമാക്കിയിട്ടുണ്ട് ആകയാൽ, സ്കൂൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതും ആയി ബന്ധപ്പെട്ട് പരിശോധന നടത്തുമ്പോൾ ANNEXURE - A യിൽ ഉൾപ്പെട്ട 9,10,11,12 എന്നീ ഇനങ്ങൾക്ക് താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചു കൊള്ളുന്നു.

<u>നിർദ്ദേശങ്ങൾ</u>

1- ഇനം നമ്പർ 9 - ഇലക്ട്രിക് വയറിങ്ങും ആയ ബന്ധപ്പെട്ട് സൂചന (3) ലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടേണ്ടതാണ്

2 - ഇനം നമ്പർ 10 - ട്രാൻസ്ഫോർമറുകൾ ശരിയായി വേലി കെട്ടിയിട്ടുണ്ടോ എന്നതും ആയി ബന്ധപ്പെട്ട് - "സ്കൂൾ പരിസരത്ത്" എന്നുള്ള നിർദ്ദേശം കൂടി ഉൾക്കൊള്ളിക്കുന്നു.

3- ഇനം നമ്പർ 11 - സ്കൂളിന് സമീപമുള്ള അപകടകരമായ വൈദ്യുത പോസ്റ്റുകൾ / ഇലക്ട്രിക് വയറുകൾ എന്നതും ആയി ബന്ധപ്പെട്ട് KMBR/KPBR ലെ നിബന്ധനകൾ ബാധകമാക്കേണ്ടതാണ്.

4 - ഇനം നമ്പർ 12 - Fire extinguisher - സ്കൂളുകളിൽ പ്രവർത്തനക്ഷമമായ ഫയർ എക്സ്റ്റിംഗ്വിഷറുകൾ ലഭ്യമാണോ എന്ന് മാത്രം തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എൻജിനീയർ പരിശോധിച്ച് രേഖപ്പെടുത്തേണ്ടതാണ്. .

മേൽ ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള സർക്കാർ നിർദ്ദേശങ്ങൾ തങ്ങളുടെ നിയന്ത്രണ പരിധിയിലെ എല്ലാ Assistant Executive Engineers, Assistant Engineers ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ അടിയന്തിരമായി അറിയിക്കുകയും, സ്കൂൾ ഫിറ്റ്നസ് പരിശോധനകൾ കർശനമായി പാലിക്കുന്നുവെന്ന് സൗത്ത് /നോർത്ത് /കോർപ്പറേഷൻ സൂപ്രണ്ടിങ് എൻജിനീയർമാർ/ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവർ ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

Signed by
Sandeep K G
Date: 26-05-2026 15:54:24

വിശ്വസ്തതയോടെ,

Sandeep K G
CHIEF ENGINEER

ഉള്ളടക്കം : 1. സൂചന (2) & (3)

പകർപ്പ് 1. സൗത്ത് / നോർത്ത് /കോർപ്പറേഷൻ സൂപ്രണ്ടിങ് എൻജിനീയർമാർ/ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർ